# ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നത് എങ്ങനെ?

Prof. D. Mathews, Trivandrum

**ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നത് എങ്ങനെ?**

ജീവിത പങ്കാളിയെ തെരഞ്ഞെടുക്കൽ സാവകാശമായി ചിന്തിച്ച് വിശദമായി ആലോചിച്ച് ഗൗരവമായി ചെയ്യേണ്ട ഒരു കർമ്മമാണ്. എന്നാൽ ഇന്ന് സംഭവിക്കുന്നത് ഫാസ്റ്റ് ഫുഡ് പോലെ ഫാസ്റ്റ് മാര്യേജ് ഒരു ഫാഷനായി മാറിയിരിക്കുന്നു. ഒരു സ്നേഹിതൻ പറഞ്ഞു വെള്ളിയാഴ്ച്ച ഇന്റർനെറ്റിൽ കണ്ടു. ശനിയാഴ്ച്ച ഫോണിൽ സംസാരിച്ചു, അടുത്ത വ്യാഴാഴ്ച്ച ഉറച്ചു, ശനിയാഴ്ച്ച പ്രീമാരിറ്റൽ കൗൺസിലിംഗ് നടത്തി, ഞായറാഴ്ച്ച വിവാഹം കഴിഞ്ഞു. വിശദമായി വിവരങ്ങൾ അന്വേഷിച്ച് അന്യോന്യം നന്നായി ആശയവിനിമയം നടത്തി പ്രാർത്ഥനാപൂർവ്വം നടത്തേണ്ട ഒരു പ്രധാന കർമ്മമാണ് വിവാഹം എന്ന് പലരും ചിന്തിക്കുന്നില്ല. രോഗം വന്നിട്ട് സുഖപ്പെടുത്തുന്നതിനെക്കാൾ രോഗം വരാതെ സൂക്ഷിക്കുന്ന താണ് നല്ലത് (Prevention is better than cure) എന്ന് പറയാറുണ്ടല്ലോ. കുടുംബ ജീവിതത്തിൽ പ്രവേശിക്കുമ്പോൾ ഇത് പ്രത്യേകം ചിന്തിക്കണം. ഒന്നാമതായി, തനിക്ക് ചേരുന്ന ഒരു പങ്കാളിയെ കാണിച്ചുതരണമെന്ന് യുവതീയുവാക്കൾ ദൈവത്തോട് പ്രാർത്ഥിക്കണം. യിസഹാക്കിന് ഒരു വധുവിനെ കണ്ടുപിടിക്കാൻ അബ്രാഹം ഗൃഹവിചാരകൻ എലെയാസറിനെ നിയോഗിക്കുന്നത് ഉല്പത്തി 24ൽ വായിക്കുന്നു. സ്വന്തകുലത്തിൽ നിന്നായിരിക്കണം എന്നു മാത്രം നിർദേശിക്കുന്നു. അനുയോജ്യ യായ ഒരു പെൺകുട്ടിയെ ദൈവം കാണിച്ചുകൊടുത്തു എന്നാണല്ലോ നാം വായിക്കുന്നത്. നമ്മുടെ ഇടയിൽ പൊതുവേ ഇംഗ്ലീഷ് അക്ഷരമാലയുടെ ക്രമത്തിൽ ആദ്യത്തെ ആറ് കാര്യങ്ങൾ ശ്രദ്ധിക്കാറുണ്ട്. A- Age, B- Beauty, C - Character, D-Dowry, E- Education, F- Family Status) എന്നിവയാണ് അവ.

**1. പ്രായം**

പ്രായത്തിൽ വലിയ അന്തരം ഇല്ലാതിരിക്കുന്നത് നല്ലതാണ്. ഭാര്യയ്ക്ക് ഭർത്താവിനെക്കാൾ അല്പം പ്രായം കുറവായിരിക്കുന്നതാണ് അഭികാമ്യം. അല്പം പ്രായവ്യത്യാസം ഉണ്ടെങ്കിലും അതിൽ വലിയ കാര്യമുണ്ടെന്ന് തോന്നുന്നില്ല. പ്രായത്തിനനുസരിച്ച് പക്വത വേണം എന്നു മാത്രം.

**2. സൗന്ദര്യം**

ഇത് ദൈവം തരുന്ന ഒരു അനുഗ്രഹമാണ്. കാലാകാലങ്ങളിൽ അതിന് വ്യതിയാനം സംഭവിക്കുമെന്നും ബാഹ്യസൗന്ദര്യത്തെക്കാൾ ആന്തരിക സൗന്ദര്യമാണ് പ്രധാനമെന്നും നമുക്കറിയാം. ബാഹ്യസൗന്ദര്യത്തി ലേക്ക് ആകർഷിക്കപ്പെട്ട് പ്രണയവിവാഹത്തിലേക്ക് കടന്നവരിൽ ധാരാളം കുടുംബപ്രശ്നങ്ങൾ ഉണ്ടായതായി കാണുന്നുണ്ട്. സൗന്ദര്യം മാത്രം നോക്കി ഒരു പെണ്ണിനെ വിവാഹം കഴിക്കുന്നത് പെയിന്റിംഗ് മാത്രം നോക്കി വീട് വാങ്ങുന്നതു പോലെയാണ് എന്ന് ബർണാർഡ് ഷാ പറഞ്ഞിട്ടുണ്ട്. നാം ജീവിക്കുന്നത് സൗന്ദര്യത്തെ തിരഞ്ഞ് കണ്ടെത്താനാണ്; അതൊഴികെ മറ്റെന്തും അതിനുള്ള കാത്തിരിപ്പ് മാത്രമാണ്, എന്ന ഖലീൽ ജിബ്രാൻ വചനവും ഇവിടെ പ്രസക്തമാണ്. ഹൃദയശുദ്ധിയിലാണ് യഥാർത്ഥ സൗന്ദര്യം സ്ഥിതിചെയ്യുന്നത് എന്ന ഗാന്ധിജിയുടെ നിലപാട് ശ്രദ്ധേയമാണ്.

**3. സ്വഭാവം**

ഏററവും പ്രാധാന്യം കൊടുക്കേണ്ടത് ഈ കാര്യത്തിലാണ്. ബാല്യം മുതൽ ദൈവാശ്രയത്തിലും നല്ല ശിക്ഷണത്തിലും വളർന്നവർ ഏതു പ്രതിസന്ധിയിലും പിടിച്ചു നിൽക്കുന്നതായി കണ്ടിട്ടുണ്ട്. യഹോവ വീട് പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു എന്ന് വിശ്വസിക്കുന്നവർ കുടുംബം പണിയുന്നതിൽ വിജയിക്കുന്നത് കാണാം.

**4. സ്ത്രീധനം**

സ്ത്രീധനം നിയമപരമായി നിരോധിച്ചിട്ടുണ്ടെങ്കിലും അത് സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നു. ഉന്നതമായ ആത്മീയ നിലവാരമുള്ളവരും സാംസ്കാരികമായി വളർന്നവരും ഇതിന് അമിത പ്രാധാന്യം കൊടുക്കാൻ പാടില്ല. പക്ഷേ ഇന്നത്തെ സമൂഹത്തിൽ വിവാഹത്തിന്റെ നിലവാരം പുരുഷന് കൊടുക്കുന്ന സമ്പത്തിനെ ആശ്രയിച്ചിരിക്കുന്നു എന്ന് നമുക്കറിയാം. പല കുടുംബപ്രശ്നങ്ങൾക്കും അടിസ്ഥാനകാരണം സമ്പത്താണെന്ന കാര്യം വളരെ പ്രസക്തമാണ്. സ്ത്രീധനത്തെ ചൊല്ലി സ്ത്രീകളെ പീഡിപ്പിക്കുന്നതിന്റെ നിരവധി കഥകൾ നാം കേൾക്കുന്നുണ്ടല്ലോ. വധുവിന് എന്തെങ്കിലും ബലഹീനത യുണ്ടെങ്കിൽ അത് സമ്പത്തിൽ നികത്തുന്ന കാര്യവും നമുക്കറിയാം. സമ്പത്തിന് അമിതപ്രാധാന്യം കൊടുക്കുന്നത് പല ദോഷങ്ങൾക്കും കാരണമാണ്.

**വിദ്യാഭ്യാസം.**

വധുവിനും വരനും ഏകദേശം തുല്യമായ വിദ്യഭ്യാസയോഗ്യത ഉള്ളതും പല കാര്യങ്ങൾ കൊണ്ടും നല്ലതാണ്. ഒരാൾക്ക് വിദ്യഭ്യാസം വളരെ കുറവാണെങ്കിൽ സ്വഭാവികമായി അപകർഷതാബോധം ഉണ്ടാകുന്നതിനും അത് പ്രശ്നങ്ങൾക്ക് കാരണമാകുന്നതിനും സാദ്ധ്യതയുണ്ട്. രണ്ടുപേരുടെയും വിദ്യാഭ്യാസം ഒരേ തലത്തിലാണെങ്കിൽ അത് കൂടുതൽ ഗുണകരമെന്ന അഭിപ്രായവുമുണ്ട്.

**Prayer Groups common meet** : The common meeting of Prayer groups of St. Stephen's IOC will be held on 28th November at 5 pm, Venue & programe will be announced later.

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6 : 30 am - 9 am. **(Morning Service)**
Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (08-11-14) 7 am to 9am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of November. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya. Contact : Mr. Abraham P.K. - 60473158
Parish Trustee : Mr. Laji Joseph : 99916457, Parish Secretary : Mr. Shaju John : 66776676

# PRAYER MEETING SCHEDULE FOR NOV.-2014

| | | | | | | (Time -pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 07-11 | Mr. David Daniel | Behind Telecommunication | Flr. 01 | Flat 07 | 51653195 | 5:00 |
| 14-11 | Mr. Binu Thomas | New Bldg. Near Chachoo's Rest. | 11 | 65 | 50166267 | 5:00 |
| 21-11 | Mr. Prince Paul | New Bldg. Near Chachoo's Rest. | 6 | 34 | 97708528 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 07-11 | Mr. Raju Thomas | Opposite To Euro Asia Travels | 05 | 19 | 97947973 | 5:00 |
| 14-11 | Mr. Stanly Varghese | Al Rasheed Travels Bldg. | 01 | 04 | 69961151 | 5:00 |
| 21-11 | Mr. Ajay Thankachen | Near UAE Exchange | 01 | 02 | 65962800 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 07-11 | Mr. Mathew V.T | Near Eden Stores | 04 | 11 | 90949681 | 5:30 |
| 14-11 | Mr.Shine C Mathew | Near Ceaser Bakery | 02 | 08 | 96632215 | 5:30 |
| 21-11 | Mr.Stephen K Thomas | Near Blazer Tailors | 06 | 18 | 50877048 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Rajan - 65634870** | | | | | | |
| 07-11 | Mr. Siby Alex Babu | Opp. Hada Center, Veg. Shop Bldg. | 01 | 03 | 60049701 | 5:30 |
| 14-11 | Mr. Abey Pappachan | Maliackel Jewellery Building | 04 | 13 | 90923709 | 5:30 |
| 21-11 | Mr. Biju George | Golden Supermarket Building | 07 | 25 | 97824160 | 5:30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192** | | | | | | |
| 07-11 | Mr. Rinu George Philip | Bldg # 3, Opp. Kerala Rest. Old Reggai | 04 | 15 | 90021556 | 7:30 |
| 21-11 | Mr. Jiss Thomas | Bldg # 49, Opp. Monard Flowers New Reggai | 03 | 08 | 66926759 | 7:30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Jacob Zachariah - 99720086** | | | | | | |
| 14-11 | Mr. George Mathai | Bldg. 6903, Opp. Indian Community School, Khaitan | 02 | 10 | 66290459 | 7:00 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900** | | | | | | |
| 07-11 | Mr. Philip Thomas | Bldg. # 170, Opp. London Laundry, Nr. Sultan Centre, Mangaf | 02 | 05 | 90972737 | 6:30 |


**112th Orma Perunnal of St. Gregorios of Parumala**
The Holy Qurbana & Perunnal service will be on 2nd November, Sunday at 6:30 pm. Nercha will also be served.

**7th Orma Perunnal of Mar Theodosius of Bhilai**
The Holy Qurbana & Perunnal service will be on 7th November, Friday at 6:30 am. Nercha will also be served.


**Balasamajam Competitions** will be conducted on 28th November after the Holy Qurbana. Details of competitions including venue & time will be annonced in Sunday School.


## HAPPY BIRTHDAY

## HEARTFUL WISHES



Joanna Ann Philip



Anna Elsa Libu


Sarah Elsa Sam


Diya Mariam Shabu


Elisha Elizabeth Jacob


Alvin Philip Baiju


Jessel Thomas


Nehal Thomas Binu


Chris Geo Mamman

Vol. 1, Issue : 10 November 2014
Parish Bulletin
Stephanian
St. Stephens Indian Orthodox Congregation
Kuwait

കർത്താവിൽ വാത്സല്യമുള്ളവരെ,

'കൂദോശ് ഈത്തോ' അഥവാ സഭയുടെ ശുദ്ധീകരണ പെരുന്നാളിലൂടെ ഒരു പുതിയ ആരാധന വർഷത്തിലേക്ക് സഭാവിശ്വാസികൾ പ്രവേശിക്കുകയാണല്ലോ. സഭാമക്കൾ എന്ന നിലയിൽ നാം ഓരോരുത്തരുടെയും വിശുദ്ധീകരണമാണ് ഇതിലൂടെ അർത്ഥമാക്കുന്നത്. നമ്മുടെ ആത്മീയ ജീവിതത്തെ ഒന്നു പരിശോധിക്കുവാനും, വിലയിരുത്തുവാനും, രൂപാന്തരം അനിവാര്യമെങ്കിൽ അതിനു വിധേയപ്പെടുവാനും, ഈ പെരുന്നാളിലൂടെ നമുക്ക് സാധിക്കണം. ഒരുവന്റെ വ്യക്തി ജീവിതം വിശുദ്ധീകരിക്കപ്പെടുമ്പോൾ അതിലൂടെ, കുടുംബജീവിതവും, ബന്ധങ്ങളും, സാമൂഹ്യ ജീവിത രീതികളും നിർമ്മലീകരിക്കപ്പെടും. ആയതുകൊണ്ട് വിശുദ്ധീകരണം ആദ്യം ഉണ്ടാകേണ്ടത് വ്യക്തിതലത്തിലാണ്. ഈ കാലയളവിൽ നമ്മുടെ ധ്യാനവിഷയമാക്കേണ്ട ശ്രദ്ധേയമായ ചിന്തകളാണ് പൗലോസ് അപ്പോസ്തോലൻ എഫെസ്യ സഭയോട് അറിയിക്കുന്നത്. വഞ്ചനയുടെ മോഹങ്ങളാൽ ജീർണ്ണിച്ച് കൊണ്ടിരിക്കുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് അന്തരാത്മാവിൽ പുതുക്കം പ്രാപിച്ച് നീതിയിലും, വിശുദ്ധിയിലും, ദൈവാനുരുപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചുകൊള്ളുക. ദുർവൃത്തിയും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേരുപറയുക പോലും അരുത്. അതാകുന്നു വിശുദ്ധന്മാർക്ക് ഉചിതം. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ വഞ്ചിക്കരുത്; എന്തെന്നാൽ ഈ കാര്യങ്ങൾ നിമിത്തമാണ് ദൈവം കോപം അനുസരണമില്ലാതവരുടെ മേൽ വരുന്നത്; നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത്. നിങ്ങൾ വെളിച്ചത്തിന്റെ മക്കളാണ്; ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊള്ളുവിൻ. ശ്ലീഹാ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാണ്; സഭ ക്രിസ്തുവിന്റെ ശരീരം ആയിരിക്കെ, അതിനെ വിശുദ്ധിയോടെ കാത്തുസൂക്ഷിക്കേണ്ടിയിരിക്കുന്നു. വചനത്താലുള്ള ജലം കൊണ്ട് കഴുകി വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും, കറ, ചുളുക്കം മുതലായ യാതൊന്നു ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ നിർത്തേണ്ടതിനും തന്നെ. വിശുദ്ധീകരണമെന്നത് മനുഷ്യജീവിതത്തിന്റെ ഉദ്ദേശവും, ലക്ഷ്യവുമാണ്. മനുഷ്യരിലൂടെയുള്ള ദൈവീക പദ്ധതിയും ഇതു തന്നെ. (Be perfect as your Heavenly Father is perfect (Mt. 5:48)). ദൈവം മനുഷ്യനായി അവതരിച്ചത്, മനുഷ്യനെ ദൈവീക വിശുദ്ധിയിലേക്ക് നയിക്കുവാൻ വേണ്ടിയാണ്. വിശുദ്ധീകരണത്തിലൂടെ ക്രിസ്തുവാകുന്ന തലയോളം നാം വളരേണ്ടിയിരിക്കുന്നു. വിശ്വാസികളിൽ അനുദിനം നടക്കേണ്ട ദിവ്യമായ ഒരു അനുഭവവും ആത്മീയ തലത്തിലെ രൂപാന്തരവുമാണ് വിശുദ്ധീകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മഹത്തായ ലക്ഷ്യപ്രാപ്തിക്കായി നാം ബോധപൂർവ്വം തെരഞ്ഞെടുക്കേണ്ട വഴിയാണ് വിശുദ്ധിയുടെ മാർഗ്ഗം. ക്രിസ്തു കാട്ടിതന്ന ദൈവരാജ്യത്തിലേക്കുള്ള പാത ഈ വിശുദ്ധിയുടെ വഴിതന്നെയാണ്. അനീതിയുടെയും, അധാർമ്മികതയുടെയും വീതികൂടിയ വഴികളിൽ യാത്രചെയ്യുവാൻ നാം ഇന്ന് വെമ്പൽക്കൊള്ളുമ്പോൾ ഓർക്കുക അത് നിത്യനാശത്തിലേക്കാണ്; ഒരിക്കലും ദൈവരാജ്യം എന്ന ലക്ഷ്യം നാം കൈവരിക്കില്ല.

പരിശുദ്ധ പരുമലതിരുമേനിയുടെ 112ാം ഓർമ്മപ്പെരുന്നാൾ നാം ആഘോഷിക്കുമ്പോൾ, ആ പരിശുദ്ധപിതാവ് കാട്ടിത്തന്ന വിശുദ്ധിയുടെ വഴികളെ തിരിച്ചറിയുവാനും, അവ മാതൃകയാക്കി പിൻപററുവാനും ശ്രമിക്കണം. (നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൽ; അവരുടെ ജീവിതാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ (എബ്രാ. 13:7). ഈ ലോകത്തിൽ ജീവിച്ചുവെങ്കിലും ലോകമോഹങ്ങൾക്കു വിധേയപ്പെടാതെ സഹനത്തിന്റെയും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഇടുങ്ങിയ വഴി തെരഞ്ഞെടുത്ത് വിശുദ്ധി കാത്തു സൂക്ഷിച്ച് പരിശുദ്ധിയുടെ പരിമളം വീശിയ മലങ്കരയുടെ മഹാപരിശുദ്ധനാണ് പരിശുദ്ധ പരുമല തിരുമേനി.

പ്രിയരെ, സഭയുടെ ദാമ്പത്യവിശുദ്ധീകരണ ദിനമായി 2014 നവംബർ 16 (സഖറിയ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച്ച) ആചരിക്കുകയാണല്ലോ. തിരുവചനത്തിൽ നാം കാണുന്ന മാതൃക ദമ്പതിമാരാണ് സഖറിയായും എലിസബത്തും. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും, കർത്താവിന്റെ സകല കൽപനകളിലും, ന്യായങ്ങളിലും കുററമില്ലാത്തവരായി നടക്കുന്നവരുമായിരുന്നു (ലൂക്കോ. 1:6). ഈ ദമ്പതിമാരിൽ പ്രകടമായി കാണുന്ന മൂന്നു പ്രത്യേകതകൾ 1. ദൈവവുമായി നല്ല ബന്ധം കാത്തുസൂക്ഷിച്ചർ. 2. പരസ്പരം നല്ല ബന്ധം കാത്തുസൂക്ഷിച്ചവർ. 3. ചാർച്ചക്കാരും സുഹൃത്തുക്കളുമായി നല്ല ബന്ധം കാത്തുസൂക്ഷിച്ചവർ. ബലഹീനതയുടെയും കുറവുകളുടെയും നടുവിലും പരസ്പരം പഴിചാരാതെ സ്നേഹത്തിൽ നിറഞ്ഞ് ദൈവത്തിൽ വിശ്വസിച്ച് പ്രാർത്ഥിച്ചവർ, ചിന്തകൾക്കും താല്പര്യങ്ങൾക്കും ഐക്യതയുണ്ടായിരുന്നവർ. കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകന് ജന്മം നൽകുവാൻ ഭാഗ്യം സിദ്ധിച്ചവർ. ഇവരുടെ ജീവിതമാതൃക നമ്മുടെ കുടുംബജീവിതം സന്തുഷ്ടമാക്കുവാൻ ഏറെ അനുകരണീയമാണ്. കുടുംബ ജീവിതത്തിൽ ഭാര്യഭർത്തൃ ബന്ധം തകരുന്നത്, വിവാഹ മോചനങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നത്, ലൈംഗിക അരാചകത്വത്താൽ ഭാര്യ ഭർത്താക്കന്മാർ തങ്ങളുടെ ജീവിത വിശുദ്ധി നഷ്ടമാക്കുന്നതിനാലാണ്. അതുകൊണ്ടാണ് 'വിവാഹം എല്ലാവർക്കും മാന്യവും, വിവാഹശയ്യ വിശുദ്ധവും ആയിരിക്കട്ടെ' (എബ്രാ. 13:4) എന്ന് പൗലോസ് ശ്ലീഹ ഉദ്ബോധിപ്പിക്കുന്നത് Marriage between a man & woman in presense of God is a covenant with permanence as its aim, if permanence is the goal in marriage, then marriage should be founded on honesty. വിവാഹ ജീവിതം ശിഥിലമായി കുടുംബബന്ധങ്ങൾ തകരാതിരിക്കണമെങ്കിൽ ഭാര്യ ഭർത്താക്കന്മാർ ദിവ്യമായ സ്നേഹത്തിൽ നിറഞ്ഞ് ഒരു ശരീരമായി തീരണം (ഉൽപത്തി 2:24, എഫെസ്യ 5:31). Marriage is leaving, cleaving & becoming one flesh. ഇത് പ്രാവർത്തികമാക്കുവാൻ പരിശുദ്ധാത്മാവിന്റെ സ്നേഹാഗ്നിയാൽ ദൈവം നമ്മുടെ കുടുംബജീവിതത്തെ പ്രശോഭിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു"Success in marriage involves much more than finding the right mate, it requires also being the right mate".

സ്നേഹപൂർവ്വം , സജു അച്ചൻ

# കൂദാശകളുടെ അനുഷ്ഠാനം (....തുടർച്ച)

## വിശുദ്ധ കുർബ്ബാന ഒരു ലഘുപഠനം

### ശോശാപ്പാ ആഘോഷം

അടുത്തതായി ശോശാപ്പാ ആഘോഷിച്ചുകൊണ്ട് പ്രാർത്ഥന നടത്തുന്നു. ശോശാപ്പാ വി. കുർബ്ബാനയുടെ രഹസ്യാത്മകതയെ സൂചിപ്പിക്കുന്നുവെങ്കിൽ അത് മാററുന്നത് ദിവ്യരഹസ്യങ്ങളുടെ വെളിപ്പാടിനെ കുറിക്കുന്നു. നമ്മുടെ രക്ഷകന്റെ കല്ലറയിൽ വയ്ക്കപ്പെട്ട കല്ലിനേയും ഇത് സൂചിപ്പിക്കുന്നു. ശോശാപ്പാ മുകളിലേക്കും തഴേക്കും ആഘോഷിക്കുന്നത് ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്നു. പത്രോസിനു വെളിപ്പെട്ട തുപ്പട്ടി മുകളിലേക്കും താഴേക്കും ചലിച്ചുകൊണ്ടിരുന്നു. അതുമൂലം സകല ജാതികൾക്കും മാനസാന്തരത്തിനു അവസരമുണ്ടെന്നു വെളിപ്പെട്ടു. അതുപോലെ വി. കുർബ്ബാനയും ക്രിസ്തുവിൽ വിശ്വസിക്കുന്ന സകല ജനങ്ങൾക്കും ഉള്ളതാണ്. വി. കുർബ്ബാനയിൽ അച്ചടക്കത്തോടെയും ഭക്തിയോടെയും സംബന്ധിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ശുശ്രൂഷകൻ ജനത്തെ ഉത്ബോധിപ്പികുകയും ജനങ്ങൾ അതിനു മറുപടിയായി ഈ കുർബ്ബാന അനുഗ്രഹങ്ങളും, സമാധാനവും, ബലിയും, സ്തോത്രവുമാകുന്നു എന്നു ചൊല്ലുകയും ചെയ്യുന്നു.

### II വി. കുർബ്ബാന സ്ഥാപനം

ഒന്നാമത്തെ ആശിർവ്വാദം മുതൽ മദ്ധ്യസ്ഥപ്രാർത്ഥനകൾ വരെയുള്ള പ്രാർത്ഥനകളാണ് ഈ രണ്ടാം ഭാഗത്തിൽ ഉൾക്കൊള്ളുന്നത്.

#### a) ഒന്നാമത്തെ ആശീർവാദം

'പിതാവാം ദൈവത്തിന്റെ സ്നേഹവും.......'എന്നു തുടങ്ങുന്ന ആശിർവാദത്തിനു ശ്ലൈഹിക ആശിർവാദം എന്നു പറയും. ഇത് 2 കൊരി. അവസാനഭാഗത്തു കാണാം (2 കൊരി. 13:14). 'പിതാവാം ദൈവത്തിന്റെ സ്നേഹം' എന്നു പറയുന്നതുവഴി 'ദൈവം തന്റെ സ്നേഹം മൂലം പുത്രനെ ലോകത്തിലേക്കു അയച്ചു' എന്നും (യോഹ. 3:16) 'ഏകജാതന്റെ കൃപ' എന്നതിൽ നിന്നും യേശുക്രിസ്തു സ്വന്തം ഹിതപ്രകാരം മരണം സ്വീകരിച്ചു എന്നും (ഫിലി. 2:18) പരിശുദ്ധാത്മാവിന്റെ 'സംബന്ധവും സഹവാസവും' എന്നതിൽ നിന്നും പരിശുദ്ധാത്മാവു നമ്മെ ഇന്നും വഴിനടത്തുന്നു എന്നും ചിന്തിക്കാവുന്നതാണ്. ജനങ്ങളെ ശുദ്ധീകരിക്കുന്നതിനുവേണ്ടി ത്രിത്വനാമത്തിൽ മൂന്നു പ്രാവശ്യം റൂശ്മാ ചെയ്യുന്നു.

#### b) ഹൃദയോന്നമനവും സ്തുതിയും സ്തോത്രവും

അമാലേക്യരുമായുണ്ടായ യുദ്ധത്തിന്റെ സമയത്ത് മോശ കൈകളുയർത്തിപ്പിടിച്ചു പ്രാർത്ഥിച്ചതു പോലെ കൈകളുയർത്തിപ്പിടിച്ചു കൊണ്ട് പുരോഹിതൻ ദൈവത്തിനു സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. പരിശുദ്ധ റൂഹായുടെ ആവാസവും മാലാഖമാരുടെ സാന്നിദ്ധ്യവും വി. കുർബ്ബാനയിൽ ഉണ്ട് എന്നതുകൊണ്ട് ഭയത്തോടും ഭക്തിയോടുകൂടെ വേണം കർത്താവിനെ സ്തോത്രം ചെയ്യുവാൻ എന്നു പ്രസ്താവിക്കുന്നു. മാലാഖമാരുടെ സാന്നിദ്ധ്യം വ്യക്തമാക്കികൊണ്ട് പട്ടക്കാരൻ ഇപ്രകാരം ചൊല്ലുന്നു.

'സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി, സമുദ്രങ്ങൾ, മാലഖമാർ, പ്രധാനമാലാഖമാർ........... മഹത്വപ്പെടുത്തുന്നവനെ നമുക്കും മഹത്വപ്പെടുത്താം'. ആറാറു ചിറകുകളുള്ള മാലാഖമാരെപ്പോലെ ദൈവത്തെ മഹത്വപ്പെടുത്തേണ്ടവരാണ് മനുഷ്യർ. കാരണം, അവർക്കെന്നതിനെക്കാൾ ദൈവം ത്യാഗം സഹിച്ചിട്ടുള്ളതു മനുഷ്യർക്കുവേണ്ടിയാണ്. ദൈവത്തെ പരിപൂർണ്ണമായി മനസ്സിലാക്കുവാൻ സാദ്ധ്യമല്ല എന്ന അർത്ഥത്തിൽ അവർ രണ്ടു ചിറകുകൾ കൊണ്ട് മുഖം മൂടുന്നു. ദൈവമുമ്പിലുള്ള അവരുടെ നിസ്സാരത ഓർത്തുകൊണ്ട് രണ്ടു ചിറകുകൾകൊണ്ട് അവർ പാദം മൂടുന്നു. നടുക്കുള്ള രണ്ടു ചിറകുകൾകൊണ്ട് പറന്നുനിന്നു ദൈവത്തെ മഹത്വപ്പെടുത്തുന്നു (യെശ. 6:3-5). 'തന്റെ സ്തുതികളാൽ ......... ' മാലഖമാരെപ്പോലെ പാടിസ്തുതിച്ചു കൊണ്ടാണു വി. കുർബ്ബാന സ്ഥാപനം നാം ഓർക്കുന്നത്.

#### c) വി. കുർബ്ബാന സ്ഥാപനം

കർത്താവ് തന്റെ ക്രൂശുമരണത്തിന്റെ തലേ രാത്രിയിൽ അപ്പം കൈകളിലെടുത്തു വാഴ്ത്തി ശുദ്ധീകരിച്ചു തന്റെ ശിഷ്യന്മാർക്കു നൽകി. അപ്രകാരം തന്നെ വീഞ്ഞും ശുദ്ധീകരിച്ചു അവർക്കു കൊടുത്തു. എന്നിട്ട് ലോകാവസാനം വരെയും അത് അനുഷ്ഠിക്കണമെന്നു അവരോടഭ്യർത്ഥിച്ചു (ലൂക്കോ. 22:19,20). കർത്താവ് സെഹിയോൻ മാളികയിൽവച്ച് വി. കുർബ്ബാന സ്ഥാപിച്ചത് തന്റെ ശിഷ്യന്മാരുടെ മാത്രം പാപപരിഹാരത്തിനുവേണ്ടിയായിരുന്നില്ല. പിന്നെയോ അന്നുള്ളവർക്കും പിന്നീട് ജനിക്കാനിരിക്കുന്നവർക്കും വേണ്ടിയായിരുന്നു. അതുകൊണ്ടാണ് അനേകർക്കുവേണ്ടി ചൊരിയപ്പെടുന്ന പുതിയ നിയമരക്തം എന്നു കർത്താവു വ്യക്തമാക്കിയത്. യേശുക്രിസ്തുവാണു വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകളെ വാഴ്ത്തുന്നത്. പട്ടക്കാരൻ കൗദാശികമായി ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ കുറിക്കുന്നു. നമ്മുടെ കർത്താവ് യഹൂദന്മാരുടെ പെസഹാ അപ്പമായ പുളിപ്പില്ലാത്ത അപ്പത്തിനുപകരം അവരുടെ സാധാരണ ഭക്ഷണമായ പുളിപ്പുള്ള അപ്പവും (അർട്ടോസ്) വീഞ്ഞും ഉപയോഗിച്ചതിനാൽ ഓർത്തഡോക്സ് സഭകളിലും സാധാരണ അപ്പമായ പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നു. സാധാരണക്കാരെ ദൈവികരാക്കാനാണല്ലോ ക്രിസ്തു വന്നത്.

#### d) രക്ഷണ്യപ്രവർത്തനം, ന്യായവിധി എന്നിവയുടെ ഓർമ്മ

എന്റെ മരണവും പുനരുദ്ധാനവും ഓർത്തുകൊൾവിൻ, എന്ന കർത്താവിന്റെ കല്പന പട്ടക്കാരൻ ജനങ്ങളെ ഓർപ്പിക്കുന്നു. അതിന്റെ പ്രതിവാക്യമെന്നോണം ജനങ്ങൾ കർത്താവിന്റെ മരണവും, പുനരുദ്ധാനവും രണ്ടാമത്തെ വരവും ഓർക്കുന്നതായി പ്രഖ്യാപിക്കുന്നു. അതിനുശേഷം പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥനയിൽ കർത്താവിന്റെ മരണവും പുനരുദ്ധാനവും മാത്രമല്ല ന്യായവിധിയെക്കുറിച്ചുകൂടി ജനങ്ങളെ ഓർമ്മപ്പെടുത്തുന്നു. ആരുടെയും പ്രവൃത്തികൾ പൂർണ്ണമല്ലാത്തതിനാൽ ദൈവത്തിന്റെ കരുണയ്ക്കായി യാചിച്ചുകൊണ്ട് സർവ്വ ശക്തിയുള്ള പിതാവായ ദൈവമെ ഞങ്ങളോടു കരുണ ചെയ്യാണമെ എന്ന പ്രാർത്ഥന ചൊല്ലുന്നു. ഇപ്രകാരം കർത്താവിന്റെ രക്ഷണ്യപ്രവർത്തനങ്ങളെയെല്ലാം അപ്പവീഞ്ഞുകളിന്മേൽ ഓർത്തതിനുശേഷമാണ് പരിശുദ്ധാത്മവ്യാപാരത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത്.

തുടരും....

# FAMILY - THE BIBILICAL PERSPECTIVE

Fr. Dr. T.J. Joshua

## The Sacrament of Marriage

In the orthodox tradition marriage is a sacrament. There are Christian bodies, which consider it a mere human contract. When we define it as sacrament we mean that it has been ordained by God and it bestows divine grace upon the couple for their married life. Jesus Christ has declared that it is God that united the couple. "Let not man put asunder what God has joined together" (Matt. 19:6). The Roman Catholic Church holds the bride and the groom as the celebrants of the sacrament and the officiating priest is only a witness to the event. It is by God's providence and the gift of the Holy Spirit that the man and woman become united as "partners for the grace of life". The members of the church also take part in the service. Marriage is not something done by two individuals. It is something done in the presence and with the cooperation of the members of the Church.Our marriage service consists of two parts. The first part is the betrothal ceremony. It is called "the Blessing of the rings." The second part is the Service proper and is called "the Crowning of the couple". We may consider the details of the two parts for a clear understanding.

## The betrothal ceremony: (Blessing of the rings)

In the past it was conducted as separate ceremony. A close study of the order of service will make it clear. This is concluded with a bidding prayer. It offers greetings to those who witnessed the betrothal. It is not known when it was added as part of the marriage service. Certainly it was not done in Kerala, but in Syria, from where we have inherited the liturgy. Today when the engagement function is celebrated in pomp and grandeur there are many who wonder if it can be conducted at this time. But it is not likely that such a move will be sanctioned by the hierarchy.

The main act in this service is to bless the rings and give them to the couple. At the beginning of the service marriage is described as joyful experience. The source of this joy is God. The experience is enriched through the communion with the saints. Along with the though of joy the prayers visualize the union to be realized between the couple. The basis and the model for union between the bride and the groom is that between that Church and Christ. It is said that Christ gave his body and blood to the Church as a ring to pledge his covenant with the church. God himself has ordained that the union of the bride and groom must be confirmed with the ring.

The rings are blessed by the priest in the name of the blessed Trinity and given to the couple. He prays that they may ever praise the Holy Trinity and for grace to be ever showered on them. It may be noted here that in the Western tradition the bride and the groom make the act of putting the rings on each other. It is considered a sign of their mutual consent. But in the Orthodox, the priest as representative of God and the Church recognizes their mutual consent and confirms it by putting the rings on the bride and the groom. In the prayers that follow, it is wished that they may be perfect in truth and justice; that their life may be bright with the ornament of good deeds. They are also reminded to keep up sanctity and faithfulness.

## The crowning ceremony

As already mentioned this second part is the Service proper. In the past two crowns were used to be adorned by the bride and groom. It is practiced in other Orthodox Churches even today. We have now replaced the crown with a chain having a cross. It is also meaningful, because the cross would remind the couple of two essential virtues which they should bring forth in life. The cross is the symbol of love and sacrifice. These are the two virtues essential for success in marriage. For this service the bride unveil her head so as to receive the blessings and divine grace. The prayer begins with the anticipation of the Second Coming. It is hoped that in the glorious appearance of our Lord, Church, the bride will enter into eternal joy. The church views marriage relationship as something kindred to its relationship with the Lord. The perfection of marital joy is in the Kingdom of Christ. A Christian marriage must begin and continue on the anchor of this hope.

God who blessed the marriages of the ancient fathers of the Old Testament time bestows the same blessings on the couple. Without God's blessings no marriage will be successful. In their journey along the stony and thorny path of life they need it to go on with patience and sense of destination. God's ever flowing grace will keep them from falling into Satanic temptations and help them remain faithful and loving to each other. In every liturgy of our Sacraments two readings from the Bible are invariably made. One is from the epistles of St. Paul and the other from the Gospels. It shows that our Services are Bible centred and biblically based. In this service that first readings is from St. Paul's epistle to the Ephesians (5:21-6:4). This passage is explained in the previous chapter. The second reading is from the Gospel of Mathew (19:1-12) . in the Byzantine Orthodox Churches, the Gospel reading is the miracle of Cana (Jn. 2:1-11). The presence of Christ at a wedding is the theme. The Gospel reading in the Syrian Church points to the instruction of Christ on marriage and divorce. The passage reveals the divine nature and the inseparability of the marriage relationship. Divorce is not sanctioned. The husband and wife are to live together in unity and love till death separates them. Jesus advice itself is read out to the couple so that they may understand it and live according to it.

After the readings from the Bible the "crowns" are blessed. The chain and the cross are blessed in the name of the blessed Trinity. Then the chain is waved around the head, blessed and put round the neck of the bride and the bridegroom. There is a connection between the Cross and the Crown. Here we may recall the saying: "No Cross; No Crown." The Christian family is the symbol of the Kingdom of God. Subject to the authority of God the bride and the groom are installed as the kind and queen of their kingdom, the family. Through the coronation they are reminded of their status and responsibility. The crown denotes glory; it is also called the crown of justice.

Cont...

# പുകവലിയുടെ സംഭാവനകൾ

Fr. P.A. Philip (Deputy Secretary Malankara Orthodox Syrian Church)

**ക്യാൻസർ :** പുകവലിയുടെ ഫലമായുണ്ടാകുന്ന ഏററവും മാരകമായ രോഗം ശ്വാസകോശ ക്യാൻസർ ആണ്. രണ്ടാമത് വായിലുണ്ടാകുന്ന ക്യാൻസർ. ശ്വാസകോശ 'വൈപ്പറുകൾ' എന്നറിയപ്പെടുന്ന 'സിലി'കളിൽ ടാർ എന്ന വിഷവസ്തു പററിപ്പിടിക്കുകയും അവയുടെ പ്രവർത്തന ശേഷി മരവിപ്പിക്കുകയും ചെയ്യും. തന്മൂലം വായു സഞ്ചികളിൽ പൊടി പടലങ്ങളും അന്യപദാർത്ഥങ്ങളും അടിഞ്ഞുകൂടി രോഗത്തിനു കാരണമാകുന്നു. ശ്വാസകോശാർബുദം ബാധിച്ചവരിൽ 30 പേരിൽ ഒരാൾ മാത്രമേ രക്ഷപ്പെടാറുള്ളു. യുവത്വത്തിന്റെ നല്ല നാളുകളിൽ പുകവലി ഹോബിയാക്കി മാററുന്നവർ അവരുടെ നാല്പതുകളിലോ അമ്പതുകളിലോ തീരാരോഗത്തിന് അടിമകളാകും. വായിലെ ക്യാൻസർ അഥവാ കവിൾ വാർപ്പ് വെററില മുറക്കുന്നതുകൊണ്ടും ഉണ്ടാവാം. തൊണ്ട, അന്നനാളം, ശ്വാസനാളം, വൃക്കകൾ, മൂത്രസഞ്ചി, പാൻക്രിയാസ് എന്നീ അവയവങ്ങളിലും ക്യാൻസർ ഉണ്ടാവാം.

**ഹൃദ്രോഗം :** പുകയിലെ കാർബൺ മോണോക്സൈഡ് ഹൃദയത്തിലേയ്ക്കുള്ള രക്തപ്രവാഹത്തെ തടസ്സപ്പെടുത്തും. രക്ത ധമനികളിൽ കൊഴുപ്പ് നിറയുകയും തന്മൂലം രക്തത്തിന്റെ കട്ടി കൂടുകയും ചെയ്യും. പുകവലി ഹൃദയത്തിന്റെ ജോലി ഭാരിച്ചതാക്കുന്നു. 24 മണിക്കൂറിൽ 10000 പ്രാവശ്യം ഇടിക്കേണ്ടിവരുന്നു. ഹൃദയസ്തംഭനമുള്ളവർ വലി ഉപേക്ഷിക്കുന്നതാണ് നല്ലത്. പ്രഷറോ, പ്രമേഹമോ ഉള്ളവരാണങ്കിൽ നിശ്ചയമായും പുകവലി ഉപേക്ഷിക്കണം.

**അൾസർ :** ആമാശയത്തിലും കുടലിലും വൃണങ്ങൽ ഉണ്ടാവുന്നതും പുകവലിക്കാരിൽ കൂടുതലായി കാണുന്നു. ദഹനവ്യവസ്ഥയിൽ ഉണ്ടാകുന്ന അധികം അമ്ലങ്ങളെ നിർവീര്യമാക്കാൻ വേണ്ട ബൈകാർബണേററുകളുടെ ഉൽപാദനം പുകയിലെ 'നിക്കോട്ടിൻ' എന്ന വിഷപദാർത്ഥം തടസ്സപ്പെടുത്തും. അമ്ലങ്ങളുടെ അളവ് അമിതമാവുമ്പോൾ അവ അമാശയത്തിന്റെയും, കുടലിന്റെയും ഉൾഭിത്തിയിൽ പ്രവേശിച്ച് അവിടെ മുറിവുകൾക്ക് കാരണമാവാം. ഇതാണ് പിന്നീട് അൾസറിന് കാരണമാകുന്നത്.

**ശ്വാസതടസ്സം :** എംഫിസിമ (Emphysema) എന്ന ശ്വാസതടസ്സരോഗം പുകയുടെ ഫലമായി ഉണ്ടാകുന്നതാണ്. ബ്രോങ്കൈററിസ് പുകവലി വരുത്തികൂട്ടുന്ന ഒരു രോഗമാണ്. ശ്വാസകോശത്തിലെ ആലവിയോളി (Alveoli) എന്ന വായുസഞ്ചികൾ പ്രവർത്തനരഹിതമാകാം. ചെറിയ ശ്വാസത്തോടെ ശക്തിയായ ചുമയുണ്ടാകാം. പുകവലിക്കാരിൽ അധിക പങ്കും വിട്ടുമാറാത്ത ചുമയും അനുബന്ധ രോഗങ്ങളുമുള്ളവരാണ്. ബ്രോങ്കൈററിസിന്റെ ഫലമായി ശ്വാസനാളത്തിൽ പഴുപ്പും കുഴലുകളിൽ വീക്കവുമുണ്ടാകാം. ആരംഭത്തിൽ രാവിലെ മാത്രമേ ചുമയുണ്ടാകു. പിന്നീട് അത് കൂടിക്കൂടി ദിവസം മുഴുവൻ ചുമയുണ്ടാക്കുന്ന സ്ഥിതിവിശേഷമാകും.

## ഇതര പ്രശ്നങ്ങൾ

പുകവലിക്കാരുടെ ജീവിതം നിറയെ പുകഞ്ഞു നിൽക്കും, പുക മറയ്ക്കുള്ളിൽ നിന്നേ അവർ ചിന്തിക്കുകയുള്ളു. മാദകമായ സൗന്ദര്യമുള്ള പലരും അത് നഷ്ടപ്പെടുത്തുന്നത് അമിത മദ്യപാനവും പുകവലിയും കൊണ്ടാണ്. വലിയും മുറുക്കും മൂലം പല്ലുകളുടെ നിറവും, ശോഭയും മങ്ങിപ്പോകാറുണ്ട്. വായ് തുറന്നാലോ, ഒരുതരം മനം മടുപ്പിക്കുന്ന ശ്വാസം. ഓമനത്തമുള്ള ചുണ്ടുകൾ കറുത്ത് വിരൂപമാകും. മുഖത്തുണ്ടാകുന്ന ചുളിവുകളും പുകയിലയും തമ്മിൽ ബന്ധമുണ്ടെന്ന് അടുത്തകാലത്തെ ഗവേഷണങ്ങൾ തെളിയിക്കുകയുണ്ടായി. നിക്കോട്ടിൻ ചെറിയ രക്തക്കുഴലുകളെ ചുരുക്കുകയും പേശികളിൽ അയവുണ്ടാക്കുകയും ചെയ്യും. തന്മൂലം പേശികളിൽ മടക്കും ചുളിവും വീഴും. കുടുംബത്തിന്റെ പവിത്രമായ അന്തരീക്ഷത്തിൽ പുക പടരും. അധികപങ്കു സ്ത്രീകളും ദുരിതമനുഭവിക്കുന്നത് ഭർത്താക്കന്മാരുടെ മദ്യപാനവും പുകവലിയും മൂലമാണ്. ഈ സ്ത്രീകളിൽ ലൈംഗികവിരക്തി വരെ സൃഷ്ടിക്കുവാൻ ഇതു കാരണമാകുന്നു എന്ന് മന:ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. പുകവലിക്കാരുടെ കുട്ടികളും ബുദ്ധിമുട്ടാറുണ്ട്. പിഞ്ചുകുഞ്ഞിനെ തോളിലേററി ലാളിക്കുമ്പോഴും ഉമ്മ വയ്ക്കുമ്പോഴും പുകവലിക്കാരന്റെ ഉച്ഛ്വാസവായുവിലെ വിഷം കുഞ്ഞിനെ ബാധിക്കുക തന്നെ ചെയ്യും. ഇതു ശ്വസിക്കുന്ന കുഞ്ഞിന് ശ്വാസം മുട്ടൽ, നെഞ്ചുവേദന, തളർച്ച മുതലയാവ ഉണ്ടാകാനിടയുണ്ട്. വളർച്ചയുടെ പ്രാരംഭദിശയിൽ പുക അവരിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാനിടയുണ്ട്.

## മയക്കുമരുന്നുകൾ പലവിധം

മാനവജാതിക്ക് അഭിശാപമായി മാറുന്ന മയക്കുമരുന്നുകൾ ലഹരിവസ്തുക്കൾ പല ഇനത്തിലുള്ളവ ഇന്ന് വിപണിയിൽ ലഭ്യമാണ്. ഒരിക്കൽ ഒരു മയക്കുമരുന്നിന് അടിമയായാൽ രക്ഷപ്പെടുക ശ്രമസാദ്ധ്യമാണ്. ഇന്ന് ഒരു ഡോസ് മയക്കുമരുന്ന് കഴിച്ച് ലഭിക്കുന്ന സുഖവും സംതൃപ്തിയും നാളെ അതേ ഡോസിൽ നിന്നും ലഭിക്കയില്ല. ഡോസു കൂടുന്നതിനനുസരിച്ച് ആസക്തിയും വർദ്ധിക്കും. ആസക്തി വർദ്ധിക്കുന്നതിനനുസരിച്ച് ഡോസുകൂട്ടുകയും ചെയ്യും. ഈ വിഷമവൃത്തത്തിൽ ഇന്ന് വിമോചനം ലഭിക്കണമെങ്കിൽ തക്ക സമയത്ത് ചികിത്സ നൽകണം. മയക്കുമരുന്നുകൾക്ക് വിലയും വളരെ കൂടുതലാണ്. കോളേജുവിദ്യാർത്ഥികളുടെ ഇടയിൽ വളർന്നുവരുന്ന ഒരു തരം തീരാരോഗമാണ് മയക്കുമരുന്നുകളുടെ ഉപയോഗം. അതുമൂലം ഒരിക്കലും കിട്ടുന്ന തുക തികയുന്നില്ല. എന്തുമുടിച്ചും മയക്കുമരുന്ന് ഉപയോഗിക്കണം എന്ന ചിന്തയാണ് പല ആസക്തരിലും കണ്ടുവരുന്നത്. മോഹനമായ യൗവ്വനത്തേയും, വലരെ സാദ്ധ്യതകൾ ഉള്ള പഠനപ്രക്രിയയേയും അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യും. സർവ്വകലശാലാവിദ്യഭ്യാസം ഒക്കെക്കഴിഞ്ഞ് ജോലി അന്വേഷിച്ചുവരുന്നവരിൽ ഒരുതരം നിരാശാബോധവും ശൂന്യതയും അനുഭവപ്പെടാം. ജീവിതത്തിൽ അവർ സ്വപ്നം കണ്ടിരുന്ന ലക്ഷ്യങ്ങളിൽ എത്തിപ്പെടാൻ കഴിയാതെ വരുമ്പോൾ അവരും മയക്കുമരുന്നുകളെ (ലഹരിവസ്തുകളെ) അഭയം പ്രാപിക്കാറുണ്ട്. വിവിധതരം ലഹരിവസ്തുക്കളെ പ്പററി അറിഞ്ഞിരിക്കേ ണ്ടതുണ്ട്. അതു മനസ്സിലാക്കിയെങ്കിലേ ഓരോന്നിനും അനുയോജ്യമായ ചികിത്സാരീതികൾ നിർദ്ദേശിക്കാനാവൂ.

തുടരും....